(സി) മലബാർ സിമെന്റ്സിൽനിന്ന് സിമെന്റ് വാങ്ങുന്നതിനായി ഒരു വർഷം പ്രൈസ് പ്രിഫറൻസ് ഇനത്തിൽ ഒട്ടാകെ എന്തുതുക ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകൾ മലബാർ സിമന്റ്സിന് അധികമായി നൽകേണ്ടിവരുന്നു;

(ഡി) മലബാർ സിമെന്റ്സിൽനിന്നും പ്രതിവർഷം എന്തു തുക ഗ്യാരന്റി കമ്മീഷൻ ഇനത്തിൽ ലഭിക്കുന്നു?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) പ്രധാന ഉപഭോക്താക്കളായ പൊതുമരാമത്ത് വകുപ്പ്, ജലസേചന വകുപ്പ്, വൈദ്യുതി ബോർഡ് എന്നിവ പൊതു ടെണ്ടർ മുഖേന യാണ് സിമെന്റ് വാങ്ങുന്നത്.

ഇവയിൽ വൈദ്യുതി ബോർഡ്, മലബാർ സിമെന്റ്സിന് ഓർഡർ നൽകി സിമെന്റ് വാങ്ങുമ്പോൾ സർക്കാരിന്റെ സ്റ്റോർസ് പർച്ചേസ് മാന്യുവ ലിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രൈസ് പ്രിഫറൻസ് നൽകാറില്ല. മാത്രമല്ല കമ്പ നിക്ക് ഓർഡർ നൽകുന്നത് ടെണ്ടറിലെ ചുരുങ്ങിയ നിരക്കിലുമാണ്.

പൊതുമരാമത്ത് വകുപ്പ്, ജലസേചന വകുപ്പ് എന്നിവ പ്രൈസ് പ്രിഫ റൻസ് നൽകാറുണ്ടെങ്കിലും മലബാർ സിമെന്റ്സിന് പ്രസ്തുത വകുപ്പുകളുടെ ഓർഡർ ലഭിക്കുന്നത് ടെണ്ടറിൽ കോമ്പറ്റീറ്റീവ് നിരക്ക് വാഗ്ദാനം ചെയ്യു മ്പോൾ മാത്രമാണ്. അങ്ങനെ ചെയ്യുമ്പോൾ സ്വാഭാവികമായും മുഴുവൻ പ്രൈസ് പ്രിഫറൻസായ 10 ശതമാനം കമ്പനിക്ക് നൽകേണ്ട ആവ ശ്യമുണ്ടാകാറില്ല.

ലോക്കൽ പർച്ചേസും എമർജൻസി പർച്ചേസുമുൾപ്പെടെയുള്ള സർക്കാരിന്റെ മറ്റുള്ള സിമെന്റ് വാങ്ങലുകൾ എല്ലാംതന്നെ അതാത് സമയത്ത് നിലവിലുള്ള സർക്കാർ നിരക്കിലാണ്. സർക്കാർ നിരക്ക് മിക്കപ്പോഴും വിപണി യിലുള്ള സിമെന്റ് വിലയേക്കാൾ വളരെ കുറവായിരിക്കും.

അനുവദിക്കുന്ന പ്രൈസ് പ്രിഫറൻസ് അടിസ്ഥാനമാക്കി കമ്പനിക്ക് 1998-99 സാമ്പത്തികവർഷം 24,26,412/- രൂപയും, 1999-2000 സാമ്പത്തിക വർഷ ത്തിന്റെ ആദ്യത്തെ ആറു മാസങ്ങളിൽ 2,78,087/- രൂപയും ലഭിച്ചിട്ടുണ്ട്.

(ഡി) ഐ.ഡി.ബി.ഐ.യുടെ നേതൃത്വത്തിലുള്ള ധനകാര്യ സ്ഥാപന ങ്ങൾ/ബാങ്കുകൾ മുതലായവയുമായുള്ള ഉടമ്പടിപ്രകാരം അവർക്ക് നൽകാ നുള്ള വായ്പാ കുടിശ്ശിക പൂർണ്ണമായും അടച്ചുതീർത്തശേഷമേ സർക്കാരി നുള്ള ഗ്യാരന്റി കമ്മീഷൻ നൽകാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട്, ഗ്യാരന്റി കമ്മീഷനായി സർക്കാരിന് നാളിതുവരെ തുകയൊന്നും ലഭിച്ചിട്ടില്ല.

275 (1454) ആസ്റ്ററൽ വാച്ചസ് ലിമിറ്റഡ്

ശ്രീ. സി.ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവ സായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ ആസ്റ്ററൽ വാച്ചസ് കമ്പനി സ്ഥാപിച്ചിട്ട് എത്രകാലമായിയെന്ന് വ്യക്തമാ ക്കുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ എത്ര ജീവനക്കാർ ഇപ്പോൾ ഉണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സ്ഥാപനത്തിന്റെ കഴിഞ്ഞ 3 വർഷത്തെ ലാഭനഷ്ട കണക്ക് വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞ 3 വർഷമായി ഇവിടുത്തെ ഏതെല്ലാം വിഭാഗത്തിൽപ്പെട്ട ജീവനക്കാർ എന്തു തുക വീതം ടി.എ., ഡി.എ. വാങ്ങിയിട്ടുണ്ട്;

(ഇ) എം.ഡി.യുടെ ശമ്പളം എത്രയെന്ന് അറിയിക്കുമോ;

(എഫ്) പ്രസ്തുത സ്ഥാപനത്തിന്റെ വികസനത്തിനും ലാഭത്തിൽ പ്രവർത്തിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1978 ഫെബ്രുവരി 10-ാം തീയതി രജിസ്റ്റർ ചെയ്ത് 1979 ജൂൺ 1-ാം തീയതി ഉൽപ്പാദനം ആരംഭിച്ചു.

(ബി) 95 പേർ.

(സി) 1996-97-ൽ 21.94 ലക്ഷം രൂപയും, 1997-98-ൽ 18.75 ലക്ഷം രൂപയും, 1998-99-ൽ 24.70 ലക്ഷം രൂപയും നഷ്ടമുണ്ടായി.

(ഡി) 1996-97-ൽ തൊഴിലാളികൾ 0.12 ലക്ഷം രൂപയും, എം.ഡി. 0.57 ലക്ഷം രൂപയും, 1997-98-ൽ തൊഴിലാളികൾ 0.37 ലക്ഷം രൂപയും, എം.ഡി. 0.43 ലക്ഷം രൂപയും, 1998-99-ൽ തൊഴിലാളികൾ 0.29 ലക്ഷം രൂപയും, എം. ഡി. 0.45 ലക്ഷം രൂപയും വാങ്ങിയിട്ടുണ്ട്.

(ഇ) 1996-97-ൽ 1.23 ലക്ഷം രൂപയും, 1997-98-ൽ 1.30 ലക്ഷം രൂപയും, 1998-99-ൽ 1.63 ലക്ഷം രൂപയും.

(എഫ്) റിസ്റ്റുവാച്ചുകളുടേയും ടൈംപീസുകളുടേയും നിർമ്മാണം, സ്വമേധയാ പിരിഞ്ഞുപോകൽ നടപടി, അൺ ഇന്റർപ്റ്റഡ് പവർ സപ്ലൈ നിർമ്മാണവും വിപണനവും, കമ്പ്യൂട്ടർ പരിശീലന പരിപാടി, അബുദാബി ആസ്ഥാനമായുള്ള ഒരു കമ്പനിക്കുവേണ്ടി ഡിജിറ്റൽ വാച്ച് അസംബ്ലി എന്നിവ പരിഗണനാർഹമായി കരുതുന്നു.

276 (1455) കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിൽ ഗവൺമെന്റിന്റെ മുതൽമുടക്ക്

ശ്രീ. പി.ജെ. ഫ്രാൻസീസ് :
ശ്രീ. കെ. ബാബു :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിൽ ഗവൺമെന്റിന് എന്തു തുകയുടെ മുതൽമുടക്കുണ്ട്;

(ബി) ഈ കമ്പനിയിൽനിന്നും ഗവൺമെന്റിന് ലഭിക്കാനുണ്ടായിരുന്ന എത്ര തുക എഴുതിത്തള്ളിയിട്ടുണ്ട്;

(സി) ഈ കമ്പനിക്ക് ഇതുവരെ എന്തു നഷ്ടമുണ്ടായിട്ടുണ്ട്;

(ഡി) ഈ കമ്പനിയുടെ ഓരോ വിഭാഗത്തിനും ഇക്കഴിഞ്ഞ രണ്ടു വർഷത്തിൽ ഉണ്ടായിട്ടുള്ള നഷ്ടമെത്രയെന്ന് വിലയിരുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly